## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം **നമ്പർ : *557** **27.10.2016** ൽ മറുപടിയ്ക്ക്

### ഹാരിസൺസ്, ടി.ആർ.&ടീ കമ്പനികളുടെ ഭൂമി ഇടപാടുകൾ

**ചോദ്യം**

**ശ്രീ.ഡി.കെ. മുരളി**
**ശ്രീ. എസ്.ശർമ്മ**
**ശ്രീ.രാജു എബ്രഹാം**
**ശ്രീ.എസ്.രാജേന്ദ്രൻ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഹാരിസൺസ്. ടി.ആർ.&ടീ മുതലായ കമ്പനികൾ അനധികൃത മായി എത്ര ഭൂമി കൈവശം വച്ചിരിക്കുന്നുവെന്നാണ് സ്പെഷ്യൽ ഓഫീസറുടെ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്; ഈ ഭൂമി ഏറ്റെടുക്കാനായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്താണ്; | (എ) M/s.മലയാളം പ്ലാന്റേഷൻസ്(യു.കെ)ലിമിറ്റഡ് എന്ന വിദേശ കമ്പനി സംസ്ഥാനത്ത് ഏഴ് ജില്ലകളിലായി 75000 ഏക്കറോളം സർക്കാർ ഭൂമി കൈവശം വയ്ക്കുന്നതായും ട്രാവൻകൂർ റബ്ബർ &ടീ കമ്പനിയും സഹ കമ്പനികളും ചേർന്ന് സംസ്ഥാനത്ത് നാലു ജില്ലകളിലായി ആകെ 14,040.43 ഏക്കർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നതായും സ്പെഷ്യൽ ഓഫീസറുടെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 38,170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്തു കൊണ്ട് 18 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾക്കെതിരെ M/s ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റു കമ്പനികളും ഫയൽ ചെയ്ത വിവിധ റിട്ട് ഹർജികളിൽ വാദം കേട്ട ബഹു. കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് പ്രസ്തുത കേസുകൾ രണ്ടംഗങ്ങളുള്ള ഡിവിഷൻ ബഞ്ചിലേയ്ക്ക് റഫർ ചെയ്ത് 25/11/2015- ൽ ഉത്തരവായിട്ടുണ്ട്. |
| (ബി) | ഹാരിസൺ കമ്പനിയുടെ ഭൂമി ഇടപാടുകളെക്കുറിച്ച് അന്വേഷിക്കാൻ മുൻ എൽ.ഡി.എഫ്.സർക്കാർ നിയോഗിച്ച നിവേദിത. പി. ഹരന്റെ നേതൃത്വത്തിലുള്ള ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; ഈ റിപ്പോർട്ടിന്റെ നിയമ വശങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് എൽ.മനോഹരൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു: വിശദമാക്കുമോ; | (ബി) ഹാരിസൺസ് മലയാളം കമ്പനി അനധികൃതമായി സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നതായും കേരള ഭൂപരിഷ്കരണ ചട്ടങ്ങൾക്ക വിരുദ്ധമായി ഭൂമി കൈമാറ്റം നടത്തിയിട്ടുള്ളതായും ഹൈലെവൽ കമ്മിറ്റി കണ്ടെത്തിയിരുന്നു. കെ.എൽ.സി നിയമപ്രകാരം സർക്കാർ ഭൂമി തിരിച്ചെടുക്കാനാണ് റിട്ട. ജസ്റ്റിസ് എൽ. മനോഹരൻ സർക്കാരിനു നിയമോപദേശം നൽകിയിരുന്നത്. |

| | | |
|---|---|---|
| (സി) | വ്യാജ ആധാരം ചമച്ചതിനും ഭൂമി കൈയ്യേറ്റത്തിനും ഈ കമ്പനികൾക്കെതിരെ ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി എന്താണ്; അന്വേഷണ റിപ്പോർട്ട് കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിലെ പ്രധാന കണ്ടെത്തൽ അറിയിക്കാമോ; | (സി) വ്യാജ ആധാരം ചമച്ചതിനും ഭൂമി കൈയ്യേറ്റത്തിനും ഹാരിസൺസ്, ട്രാവൻകൂർ റബ്ബർ &ടീ എന്നീ കമ്പനികൾക്കെതിരെ രണ്ടു കേസുകൾ ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിലാണ്. അന്വേഷണ റിപ്പോർട്ട് കോടതിയിൽ ഫയൽ ചെയ്തിട്ടില്ല. |
| (ഡി) | ഈ കമ്പനികൾ നിയമവിരുദ്ധമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കാനായി നിയമ നിർമ്മാണം നടത്താൻ തയ്യാറാകുമോ? | (ഡി) വിവിധ കമ്പനികളും മറ്റും അനധികൃതമായി കൈവശം വച്ചനുഭവിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് സമഗ്രമായ നിയമനിർമ്മാണം നടത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

T. [signature]
സെക്ഷൻ ഓഫീസർ